(ഇ) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ),(ബി)&(സി) 1.11.1987-നു മുമ്പ് നിയമിക്കപ്പെടുകയും 13.1.1995-ൽ 7 വർഷം സർവ്വീസ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള സർക്കാർ സർവ്വീസിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ ചില നിബന്ധനകൾക്കു വിധേയമായി സർവ്വീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് 9.3.1995-ൽ 9516/സി1/92/പി ആന്റ് എ ആർ ഡി സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഇങ്ങനെയുള്ളവരെ സ്ഥിരപ്പെടുത്തണമോ വേണ്ടയോ എന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി)&(ഇ) ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെതിരായി ഫയൽചെയ്ത 20042/98/ഒ.പി കേസ്സിൽ തീരുമാനമാകുന്നതുവരെ 9.3.95-ലെ ഗവ. സർക്കുലറിന്റെ തുടർ നടപടികൾ ബഹു: ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യാൻ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

26 (1386) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി അല്ലാതെ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് എന്ന് അറിയിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങൾ റദ്ദുചെയ്യാനുള്ള നിർദ്ദേശം സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നുവോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എ, ബി എന്നീ പിരിവുകൾക്ക് പൊതുമേഖലാ സ്ഥാപനത്തലവന്മാരിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

27 (1387) പി.എസ്.സി. നിയമന വ്യവസ്ഥകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സർവ്വീസിൽ ഈഴവ ക്വാട്ടയിലോ മുസ്ലീം ക്വാട്ടയിലോ നിയമിക്കപ്പെടുന്ന ഒരു ഉദ്യോഗാർത്ഥി നിയമന ഉത്തരവ് കിട്ടിയിട്ടും സർവ്വീസിൽ ജോയിൻ ചെയ്യാതിരുന്നാൽ പ്രസ്തുത ഒഴിവിൽ അതേ കമ്മ്യൂണിറ്റിയിലെ തൊട്ടടുത്ത റാങ്കുകാരൻ നിയമിക്കപ്പെടുമോ എന്ന് അറിയിക്കുമോ;

(ബി) ഏതെങ്കിലും റിസർവേഷൻ ക്വാട്ടയിലുള്ള ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഒഴിവിൽ അതേ ക്വാട്ടയിൽപ്പെട്ട തൊട്ടടുത്ത റാങ്കുകാരനെ നിയമിക്കാതെ ജനറൽ ക്വാട്ടയിലുള്ള റാങ്കുകാരനെ നിയമിക്കുന്ന രീതി നടപ്പിലാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ?

ഉത്തരം

(എ) പി.എസ്.സി. പിന്തുടരുന്ന നോട്ട്-ജോയിന്റ് ഡ്യൂട്ടി സംബന്ധിച്ച വ്യവസ്ഥ പ്രകാരം സംവരണ ടേണിൽ നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാതിരുന്നാൽ അതേ ഒഴിവിലേയ്ക്ക് അതേ ജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥിയെ തന്നെയാണ് നിയമനത്തിനായി ശുപാർശ ചെയ്യുക.

(ബി) ഇല്ല. കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ റൂൾ 15 (എ)യും (സി)യും പ്രകാരം ഏതെങ്കിലും ഒരു സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയെ ലഭിക്കാതെ വരുമ്പോൾ പ്രസ്തുത സമുദായത്തിന്റെ ടേണിൽ റൊട്ടേഷൻ റോസ്റ്റർ അനുസരിച്ച് തൊട്ടടുത്ത സമുദായത്തിലെ ഉദ്യോഗാർത്ഥിയെയാണ് പരിഗണിക്കുക. സംവരണ സമുദായങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയെ ലഭിക്കാതെ വരുമ്പോൾ ഓപ്പൺ കോമ്പറ്റീഷൻ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയെയാണ് പരിഗണിക്കുക.

28 (1387) ഐ.എം.ജി. പ്രാദേശിക കേന്ദ്രങ്ങൾ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ (ഐ.എം.ജി.) പ്രാദേശിക കേന്ദ്രങ്ങളായ എറണാകുളം കോഴിക്കോട് കേന്ദ്രങ്ങളിൽ കഴിഞ്ഞ പത്തുവർഷങ്ങളായി ഭരണ ചുമതലകൾ നിർവ്വഹിക്കുന്നത് ആരാണ്;

(ബി) ഐ.എം.ജി. എറണാകുളം പ്രാദേശിക കേന്ദ്രത്തിൽ കഴിഞ്ഞ പത്തുവർഷമായി തുടർച്ചയായി ഒരു ഉദ്യോഗസ്ഥനെ തന്നെ ഭരണ ചുമതലകൾ നിർവ്വഹിക്കാൻ നിയോഗിച്ചിരിക്കുന്നതിന്റെ കാരണം എന്താണ്;

(സി) ഐ.എം.ജി. എറണാകുളം പ്രാദേശിക കേന്ദ്രത്തിലെ ഭരണ വിഭാഗം റീജിയണൽ ഡയറക്ടറുടെ പേരിലുള്ള അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയോ; അന്വേഷണം നടത്തിയെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഐ.എം.ജി. എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിൽ എത്തുന്ന പരിശീലകർക്ക് ആഹാരം നൽകുന്നതിനായി ക്യാന്റീൻ നടത്തുന്നതിലേക്ക് ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയാണ്?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പ്രാദേശിക കേന്ദ്രമായ കൊച്ചിയിൽ ശ്രീ. ജോർജ് മത്തായി തരകൻ, അസോ. പ്രൊ

LIBRARY ARCHIVES Kerala Legislative Assembly